# ജി വി  എച്ച് എസ് എസ്  കതിരൂർ




ചരിത്രത്തിനൊപ്പം നടന്ന് ലോകനിലവാരത്തിലേക്ക് കുതിക്കുകയാണ കതിരൂർ വെക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രവിശ്യയിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് സെക്കൻഡറി സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം ഒരു കാലത്ത് തലശ്ശേരിക്കും കുടകിനും ഇടയിലെ ഏക ഹൈസ്കൂൾ ആയിരുന്നു.

കതിരവന്റെ ഊര് എന്നും കതിരുകളുടെ ഊര് എന്നും സ്ഥലനാമ നിഷ്പത്തി തേടുന്ന കതിരൂരിൽ വിജ്ഞാനത്തിന്റെ പ്രകാശഗോപുരമായും ജീവിത സ്മൃതിയുടെ വിളനിലമായും നിലകൊള്ളുന്ന മഹാസ്ഥാപനമാണ് കതിരൂർ ഗവൺമെൻറ് വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ. തലശ്ശേരി താലൂക്കിൽ തലശ്ശേരി നഗരത്തിലെ മൂന്നു വിദ്യാലയങ്ങൾ ഒഴികെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയമായി ഇരുപതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ തലശ്ശേരിക്കും കുടകിനും ഇടയിൽ ഉണ്ടായിരുന്ന ഏക വിദ്യാലയമാണ് കതിരൂർ സ്കൂൾ.

HM SREERANJA P O

P T A PRESIDENT SUDHEESHNAYYAN

MPTA PRESIDENT SHEEJA KARAYI



മോഡൽ സ്കൂൾ പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത ഏക വിദ്യാലയമാണ് ജി വി എച്ച് എസ് എസ് കതിരൂർ ഈ പദ്ധതിയുടെ ഭാഗമായി അക്കാദമിക മികവ് ഉയർത്തുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 11 വെത്യസ്ത മേഖലകളിൽ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു . അവയിൽ ചില പ്രവർത്തനങ്ങൾ

1 . സ്വയം പ്രതിരോധ പരിശീലനം എന്ന മേഖലയിൽ വിദ്യാലയത്തിന്റെ സാധ്യതകൾ പരിഗണിച്ച കളരിയും കരാട്ടെയുമാണ് തിരഞ്ഞെടുത്തത്

2 . 'വരയും വർണവും' എന്ന പരിപാടിയുടെ ഭാഗമായി ചിത്രരചന പരിശീലനവും വാട്ടർകളറിങ് പരിശീലനവും നടന്നു . കതിരൂർ പഞ്ചായത്ത് ഹാളിൽ വെച്ചായിരുന്നു പരിശീലനം .

22 .1 .2024 തിയതി പരിപാടിയുടെ ഉദ്‌ഘാടനം കതിരൂർ പഞ്ചായത്ത് പ്രസിഡന്റ് പി പി സനൽ നിർവഹിച്ചു . PTA പ്രസിഡന്റ് ശ്രീ സുധീഷ് അധ്യക്ഷനായ ചടങ്ങിൽ , സുഗമ ടീച്ചർ സ്വാഗതവും നിഹ സൈനബ് നന്ദിയും പറഞ്ഞു . ശ്രീരഞ്ജ ടീച്ചർ ,അനിൽ മാഷ് എന്നിവർ പരിപാടിക് ആശംസകൾ പറഞ്ഞു . പരിപാടിയിൽ സുശാന്ത്മസ്റ്റർ പദ്ധതിയെപ്പറ്റി വിശദീകരണം നൽകി . ബാലകൃഷ്ണൻ കതിരൂർ ,സത്യനാഥൻ സാർ ,ശിവകൃഷ്ണൻ മണ്ണൂർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു .

റിഫ്രഷ്മെന്റിന് ശേഷം ക്ലാസുകൾ ആരംഭിച്ചു . ബാലകൃഷ്ണൻ കതിരൂർ സർ ചിത്രരചനയെ കുറിച്ച കുട്ടികൾക് വിശദമായ ക്ലാസ് നൽകി.ഉച്ച ഭക്ഷണത്തിന് ശേഷം കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കി ,സുശാന്ത് സാർ ചിത്രരചനയിലും സത്യനാഥ്സാർ വാട്ടർകാലറിങ്ങിനും കുട്ടികൾക്കു പരിശീലനം നൽകി.4 മണിയോടെ കൂടി പരിശീലനം അവസാനിച്ചു .

## സബ്ജക്ട് ക്ലിനിക്



എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ സ്കൂൾ അങ്കണത്തിൽ പ്രത്യേകം ഒരുക്കുന്നു വിവിധ സബ്ജക്ട് കോർണറുകളിലും വിഷയാധിഷ്ഠിത സംവാദവും സംശയനിവാരണവുമായി അധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേരുന്ന ക്രിയാത്മക വേദിയായ സബ്ജക്ട് ക്ലിനിക് കാര്യക്ഷമമായി നടന്നുവരുന്നു.

## ഇംഗ്ലീഷ് ടോക്കീസ്

വിദ്യാർഥികളിൽ സ്പോകൺ ഇംഗിഷ് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും ഇംഗ്ലീഷ് ഭാഷ പരിഗണനം വര്ധിപ്പിക്കുന്നതിനുവേണ്ടിയും ഇംഗ്ലീഷ് ഭാഷ സുഗമായി കൈകാര്യം ചെയുനതിനുവേണ്ടിയും ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും 1 ;30 മുതൽ 2 മണി വരെ നടത്തിവരുന്ന വേറിട്ട ഒരു പരിപാടിയാണ് ഇംഗ്ലീഷ് ടോക്കീസ്







സ്കൂളിലെ ലൈറ്റ്ലർ കിറ്റസിന്റെ ആഭിമുഖ്യത്തിൽ റോബോട്ടിക് പ്രോജെക്ടുകളുടെയും ഇലക്ട്രോണിക്സ് പഠനോപകാരണങ്ങളുടെയും പ്രദർശനം സംഘടപ്പിച്ചു .പ്രദർശനം കാണാൻ സമീപ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും അവസരം നൽകി.സബ്ജില്ലാ കലോത്സവത്തിന്റെ ഡോക്യൂമെന്റേഷനിലും ലൈറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു ..







ജി വി എച്ച് എസ് എസ് കതിരൂർ

മോഡൽ സ്കൂൾ പ്രോഗ്രാം

സ്കൂളുകളുടെ ട്വിന്നിങ് പാരിപാടി 2023 -24

സ്കൂളുകൾക്കിടയിൽ അക്കാദമിക് പദ്യോത്തര പ്രവർത്തനങ്ങളിലെ മികച്ച രീതികൾ പങ്കിടൽ,അറിവ് പങ്കുവയ്ക്കലിലൂടെ അധ്യാപ കരുടെയും വിദ്യാ ർത്ഥ ിക ള ു



ടെയും ശേഷി വർധിപ്പിക്കുക ,പിയർ -ടു -പിയർ ,ഗ്രൂപ്പ് ലീർണിങ് എന്നിവ ഉപയോഗിച്ച പഠിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക,രണ്ട സ്കൂളിലെയും മികച്ച രീതികൾ പരസ്പരം സ്വീകരിക്കാൻ പരാപ്തമാകുക ,രണ്ട സ്കൂളുകളുടെ നേട്ടവും പോരായ്മയും തിരിച്ചറിന് ഒരുമിച്ച് മുന്നേറുക ,അധ്യാപന നിയപ്പനിക് മികച്ചതും കൂടുതൽ ഫലപ്രദവുമായ സ്വീകരിക്കാൻ അവസരങ്ങൾ നൽകുക.തുടങ്ങിയ ലക്ഷ്യത്തോടെയാണ് ട്വിന്നിങ് പ്രോഗ്രാം സംഘടിപ്പിക്കുന്നദ് .അതിന്റെ ഭാഗമായി 23 /2 /2020 24 രാവിലെ വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന ഒരു സംഘം മുണ്ടേരി ഗവ ഹെയർ സെക്കന്ററി സ്കൂൾ സന്ദർശിച്ചു.സ്കൂൾ അസംബ്ലി,വിവിധ ലാബുകൾ, ലൈബ്രറി, ഗ്രൂണ്ട്, ആഡിറ്റോറിയം, ക്ലാസ് മുറി എന്നിവയൊക്കെ കണ്ടു.അധ്യാപകരും കുട്ടികളും സംവദിച്ചു.കലാ പരിപാടികൾ അവതരിപ്പിച്ചു.

15 /2 /2024 ഇൻ വലിയ മാടാവ് ഗവ യു പി സ്കൂൾ സന്ദർശിച്ചു .രാവിലെ മുതൽ വൈകുന്നേരം വരെയുള്ള സ്കൂൾ പ്രവർത്തനവും ഭൗതിക സാഹചര്യങ്ങളും മനസിലാക്കി . കുട്ടികളും അദ്ധ്യാപകരും സംവദിച്ചു .കലാ പരിപാടികൾ അവതരിപ്പിച്ചു.





## ഗാന്ധിമുഖവര

പഠനനേട്ടങ്ങളുടെ പട്ടികയിൽ എഴുതി ചേർത്ത പ്രവർത്തനാമാണ് ഗാന്ധിമുഖവാര സ്‌കൂളിലെ രണ്ടായിരത്തോളം വരുന്ന വിദ്യാർഥികൾ പൊതുജന പങ്കാളിത്തത്തോടെ അഹിംസ ദിനത്തിൽ ഗാന്ധിമുഖം വരച്ച ഗിന്നസ് റെക്കോർഡ് നേടി . ലഹരി വിരുദ്ധ സ്റ്റേഷം കുടി ഈ പ്രവർത്തനത്തിന്റെ ഭാഗമായി .ഗാന്ധിജിയുടെ മുഖം വരയ്ക്കുക മാത്രമായിരുന്നില്ല ഈ പ്രവർത്തനം കൊണ്ട് ഉദ്ദേശിച്ചത് .കോവിഡ

കാലത്തിനു ശേഷം കുട്ടികളിൽ കണ്ട പ്രകടമായ ആലസ്യത്തെ മറികടക്കുക അതുവഴി ഒരു കൂട്ടായ്മ രൂപപ്പെടുത്തുക എന്ത് കൂടിയാണ് "എന്റെ ബാപ്പു _ലോക നവീകരണത്തിനൊരു മുഖവര "എന്ന പദ്ധതിയിലൂടെ ഈ വിദ്യാലയം ഉദ്ദേശിച്ചത് . ഏതൊരു പദ്ധതീയും വിജയിക്കണ മെങ്കിൽ ജനപിന്തുണ ആവിശ്യമാണ്.കതിരൂർ ചിത്രകലാ ഗ്രാമമായതുകൊണ്ട് തന്നെ കുട്ടികൾക്ക് പരിശീലനം നല്കാൻ തദ്ദേശീയരായ ചിത്രകാരന്മാരുടെ സേവനം ലഭിച്ചു . സ്‌കൂളിൽ നിന്ന്

രുപം കൊണ്ട ആശയത്തിന്
കതിരൂരിലെ പൊതു സമൂഹം മാത്രമല്ല
കേരളജനത കുടി ഏറ്റെടുത്ത്
എന്നതാണ്
ലോക റെക്കോർഡിലേക്കുള്ള
പുരോഗതിയായി മാറിയത്





**ജൈവകൃഷി**

**മോഡൽ സ്കൂളിന്റെ ഭാഗമായി സമഗ്ര പോഷകാഹാര പദ്ധതിയിൽ ചീര, വെണ്ട , പച്ചമുളക് എന്നിവ ജൈവകൃഷി ചെയ്തു**
**പച്ചമുളകിന്റെ തൈയും ചീരാവെണ്ട ഇവയുടെ വിത്തും പാകി 80 ചട്ടികളിലായി ഇവയെ മാറ്റി നട്ടു**
**ചാണക പൊടി , ചകിരിച്ചോർ , ആട്ടിൻ വളം ഇവയാണ് ഇതിന് വളമായി ഉപയോഗിച്ചത്**





# ഒരേ ...

കിനാവ് തന്നതും കടം പറഞ്ഞതും
നിലാവ് കണ്ടതും നോവോർമ്മ നോറ്റതും
ഇടർച്ച തീർത്തൊരാ അപൂർണ്ണ ഗാനത്തിൽ
വരി പാതി മായിച്ചതും ഒരേ കൈയാൽ

നിശപെയ്ത്ത നേരത്ത് പൂവാടി കണ്ടതും
മിഴി നട്ട പീലിയായി കാതോർത്തിരുന്നതും
സ്വാർത്ഥമാം കൈക്കുള്ളിൽ നിസ്വാർത്ഥതയായ്യും
അതെ കടൽ തീരത്തിൽ മണൽ പരപ്പിൽ

ചന്ദനക്കുറിയിട്ട് നെറ്റിത്തടങ്ങളിൽ
ജല കണിക മെല്ലവേ തുള്ളികൾ തീർത്തതും
മൃദുലമാം വിരലിട്ട് ഒപ്പി പിടിച്ചതും
കനവുള്ള നാളതിൻ നേരത്ത തുണ്ടാൽ

ഓർമ്മയ്യാം ശകലങ്ങൾ അനവാദമോതാതെ
മനസ്സിന്റെ ആഴങ്ങൾ തേടി പിടിച്ചതും
വഴി ചികഞ്ഞിട്ടതും വേരുകൾ കണ്ടതും
നുള്ളി നോവിച്ചതും ഒരേ കാണത്താൽ

നിലവിന്റെ ശയ്യയിൽ
ഇനിയും പൊഴിഞ്ഞിടാൻ
ചെമ്പകപ്പൂദളം കൺനട്ടു കാക്കവേ
ഇനി ഞാൻ വിതുമ്പുമോ ?
വിരഹാദ്രയാകുമോ ?
ഒരുവേള ചോദ്യമായി ഞാൻ മുന്നിൽ.......

# കളരി പരിശീലനം

വിദ്യാർത്ഥികളിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി നേടിയെടുക്കുന്നതിനായി മോഡൽ സ്കൂളിന്റെ ഭാഗമായുള്ള കളരി പരിശീലനം 2024 ജനുവരി 5 ആരംഭിച്ചു . കതിരൂരിലെ ശ്രീ ശൈലേഷ് ഗുരുക്കളുടെ നേതൃത്വത്തിലാണ് പരിശീലനം .എല്ലാ അദ്ധ്യേന ദിവസങ്ങളിലും വൈകുന്നേരം 3 :30 മുതൽ 4 :30 വരെയാണ് പരിശീലനം നടക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അടക്കം മുപ്പത്തഞ്ചോളം വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട് . അവരെ വളരെയേറെ സഹായിച്ചു എന്ന് കുട്ടികൾ അഭിപ്രായപ്പെട്ടു .

കേരളത്തിലെ രണ്ട് സ്കൂളുകളിലാണ് കുഴിക്കളരിയായി കളരി പരിശീലനം നടത്തിയിരുന്നത് .ഒന്ന് കണ്ണൂർ ജില്ലയിലെ വിദ്യാലയമായ കതിരൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലും മറ്റൊന്ന് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിലുമായിരുന്നു .1934 ൽ ആണ് കതിരൂർ ഹൈസ്കൂളിൽ കളരി ആരംഭിക്കുന്നത് .ഇപ്പോഴത്തെ സ്റ്റേജിന്റെ പിൻവശത്തായിരുന്നു അന്ന് കളരി പ്രവർത്തിച്ചിരുന്നത് .പിന്നീട് 1960 കാലഘട്ടത്തിലാണ് റോഡരികിലുള്ള ഇന്നത്തെ കളരിയിൽ പരിശീലനം ആരംഭിക്കുന്നത് .






# സ്വാഗതഗാനം

**സ്വാ**ഗതം ,സ്വാഗതം, സുസ്വാഗതം
സ്വാഗതം, സ്വാഗതം
സുസ്വാഗതം

കതിരവൻ അവന്നുടെ ഊരിൽ,
നെൽക്കതിരുകൾ തന്നുടെ നാട്ടിൽ,
കളരി വീരന്മാരുടെ നാട്ടിൽ,
കലയുടെ വർണച്ചെപ്പ്  തുറന്നേ....
സ്വാഗതം, സ്വാഗതം, സുസ്വാഗതം
സ്വാഗതം, സ്വാഗതം, സുസ്വാഗതം

രാഗ നടനങ്ങൾ തൻ ലാസ്യ ഭാവം
ചിറക്കു വിരിച്ചെത്തും സപ്തനാദം
ഇതൾ വിരിഞ്ഞൊരു നടന്ന ഭാവം
കലയുടെ സ്വന്തം ചിത്ര ഗ്രാമം ....
സ്വാഗതം, സ്വാഗതം, സുസ്വാഗതം

വെൺ മേഘത്തിൽ ഉജ്ജ്വല ശോഭയിൽ,
കലയുടെ കതിരൊളി നിറയട്ടെ ..
ഇവിടം  വിമല ദേശമായിവിളയട്ടെ,
ഇവിടം കലയുടെ കേളികൊട്ടുണരട്ടെ ...
സ്വാഗതം, സ്വാഗതം, സുസ്വാഗതം

ഒരുമയോടെ ഒരേ സ്വരത്തോടെ,
നിറഞ്ഞ നന്മ തൻ
മാനമോടെ,
പാടാം ചെറുപുഞ്ചിരിയോടെ,
സ്നേഹത്തിന് ഈ തുകിൽ പാട്ട് ...
സ്വാഗതം, സ്വാഗതം, സുസ്വാഗതം

പുണ്യമുള്ളൊരീ മണ്ണിന് മടിയിൽ
സ്വരപുഷ്പങ്ങൾ ശ്രുതി ചേർക്കെ,
വസന്തം പോലെ ഒരു കാലം
വര്ണചിറക് വിരിക്കട്ടെ....
സ്വാഗതം, സ്വാഗതം, സുസ്വാഗതം

മുന്നോട്ടു മുന്നോട്ടു പോയിടാം
എന്നും വഴികാട്ടികളായി തീർന്നിടാം
കലയുടെ കുഞ്ഞോമനകൾക്കായി
അരുളാൻ സ്നേഹത്തിന് സുസ്വാഗതം....

വിജയപതാക നാട്ടിടാം
ഇനിയും അറിവുകൾ നേടിടാം...
കലയുടെ ഊര് കതിരൂരിൻ
സ്വാഗതമരുളാം തൊഴുകൈയാൽ...

അറിവിന് മണ്ണിൽ വേരുകളാഴ്ത്തി പാടാം
നമുക്കി ഈരടികൾ
ഈരടികൾ, ഈരടികൾ ...
കൈകൾ കോർത്ത്  അരുളിടാം ,
നന്മ നിറഞ്ഞീ സുസ്വാഗതം ...

# സൗഹൃദ മഴയത്ത്

മഴ നിർത്തിയിട്ടില്ല ഇതുവരെ നിന്നിട്ടില്ല തികച്ചും ഒരു തോരാമഴ.കളി വഞ്ചികൾ വെള്ളത്തിലിറങ്ങാൻ കാത്തിരിക്കുകയാണ് എന്തുചെയ്യാൻ? മാളൂട്ടി ചുവരിൽ വല നെയ്യുന്ന ചിലന്തിയെ മിഴിപൂട്ടാതെ നോക്കിയിരിക്കുകയാണ് പശ്ചാത്തല സംഗീതം എന്നോണം ചേച്ചിയുടെ തയ്യലിൻ്റെ മൂളിപ്പാട്ടുണ്ട്. മഴത്തുള്ളികൾ വിരിച്ച് തണുത്ത പുതപ്പ് മാളുവിനെ പൊതിഞ്ഞു എന്നിട്ടും വലയിൽ നിന്നുള്ള കണ്ണ് അവൾ പിൻവലിച്ചില്ല ചിലന്തിവല വെള്ളത്തുള്ളികളാൽ തിളങ്ങി .അലങ്കാരത്തിൻ്റ ഭാരം താങ്ങാതെ കണ്ണികൾ ശോഷിച്ചു പോയി മണിക്കൂറുകളുടെ പ്രയത്നമല്ലേ വ്യർഥമായത്. ചിലന്തിയുടെ സങ്കടം അവളുടെ മുഖത്ത് പ്രതിഫലിച്ചു ഒടുവിൽ വലയുടെ പണി തീരാറായപ്പോൾ അവളെ ഉറക്കം മാടിവിളിച്ചു കിടക്കയിൽ ഓടിച്ചെന്ന് കമിഴ്ന്നുകിടന്ന് അവൾ ആലോചിച്ചു അഥവാ ഈ പെരുമഴയത്ത് തൻറെ കെട്ടുറപ്പുള്ള വീടുപോലും തകർന്നു പോയാലോ ഇനി തൻറെ കൂട്ടുകാരി ആയിഷയുടെ വീട് പൊളിഞ്ഞാലും അയ്യോ അതായിരിക്കും മാളവികയുടെ ജീവിതത്തിൽ നടക്കാൻ സാധ്യതയുള്ള ഏറ്റവും ഭയാനകമായ ദുരന്തം .തൻറെ ഉറ്റ സുഹൃത്തിനെ കിടപ്പാടം ഇല്ലാതാവുക അവൾ തൻറെ ഓർമ്മകളിലേക്ക് ഊളിയിട്ടു .ആയിഷയെ അവൾ കണ്ടുമുട്ടുന്നത് അവളുടെ പിറന്നാൾ ദിവസം ആയിരുന്നു മഴയുടെ താളം നേരിയ ആവുന്ന നല്ലൊരു ജൂൺമാസം അവൾ സ്കൂളിൽ എത്തിയത് എന്തുകൊണ്ടും മാളു ആരുമറിയാതെ ആയിഷക്ക് രണ്ട് മിഠായികൾ നൽകി ആദ്യത്തേതിൻ്റെ പകുതി ആയിഷ മാളൂട്ടിക്ക് കൊടുത്തു അന്നു ആരംഭിച്ചതാണ് ഈ കൂട്ടുകെട്ട് അമ്മയോട് പറഞ്ഞു രണ്ട് പേന വാങ്ങി ഒന്നു നൽകിയത് അവളുടെ കളിത്തോഴിക്കായിരുന്നു.പള്ളിക്കൂടത്തിൽ രക്ഷിതാക്കൾ എത്തിയാൽ അദ്ധ്യാപികക്ക് ഒന്നേ പറയാനുള്ളൂ രണ്ടും അടയും ചക്കരയും ആണ് അതുകേൾക്കുമ്പോൾ അവർ കുലുങ്ങി ചിരിക്കും മറ്റൊരു മഴയത്ത് മാളുവിൻറെ കുഞ്ഞുടുപ്പ് അവൾ എങ്ങോട്ടേക്കാണ് ബോധപൂർവ്വം അപ്രത്യക്ഷമാക്കിയതെന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന നിഷ്കളങ്കരായ രണ്ടേരണ്ട് പേർക്ക് അറിയുള്ളൂ. മാത്രമല്ല മാളവികയുടെ കൈയ്യിൽ എങ്ങനെയാണ് ഭൂലോകത്തെ ഏറ്റവും ഭംഗിയേറിയ റോസാപ്പൂവ് എത്തിയതെന്ന് ആ കുഞ്ഞുടുപ്പിൻ്റെ ചരിത്രത്തിൽ നിന്ന് മാത്രമേ മനസ്സിലാക്കാൻ കഴിയുള്ളൂ അതിനൊരു സൗഹൃദത്തിൻറെ ആഴമുണ്ട് ആ ആഴത്തിൻ്റെ മടിത്തട്ടിൽ മഴയുടെ താരാട്ടു കേട്ടുറങ്ങുന്ന ബാലികയും അവളുടെ മനസ്സിൽ മറ്റൊരു നിർദോഷമായ ഒരു പുഞ്ചിരി മയങ്ങി കിടക്കുന്നു ഏതൊരു മഴയ്ക്കും മായ്ക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ച പുഞ്ചിരി.

**അന്നപൂർണ്ണ ഒ പി**






പോഷൺമാൻറെ ഭാഗമായി സ്കൂളിൽ പോഷകാഹാര പ്രദർശനം നടത്തി. ഉദ്ഘാടകൻ പഞ്ചായത്ത് പ്രസിഡന്റ് സനൽ പി പി. പോഷകാഹാരപ്രദമായ ചെറുധാന്യങ്ങളുടെ പ്രദർശനം നടത്തി ഹെഡ്മാസ്റ്റർ പ്രശാന്ത് സാർ ഉദ്ഘാടനം ചെയ്തു.

സയൻസ് സെമിനാർ വിജയി പത്താം ക്ലാസ് വിദ്യാർഥിനി തൻമയ പി കുട്ടികൾക്ക് മില്ലറ്റുകളുടെ പ്രാധാന്യത്തെ കുറിച്ചും,പോഷകാഹാരത്തെ കുറിച്ചും ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. മില്ലറ്റുകളുടെ പ്രദർശനവും നടത്തി









ടാലൻറ് ലാബ് ആക്ടിവിറ്റിയുടെ ഭാഗമായി നാടക കളരിയും ATL ലാബുമായി ബന്ധപ്പെട്ട് 3D പ്രിന്റിംഗ് വർക്ക്ഷോപ്പും സംഘടിപ്പിച്ചു.

*നാടകക്കളരി*

ടാലൻറ് ലാബിന്റെ ഭാഗമായി നാല് ദിവസത്തെ നാടക കളരി സംഘടിപ്പിച്ചു. നാടകരംഗത്തെ വിദഗ്ധരാണ് പരിശീലനം നൽകിയത്. അഭിനയത്തിൽ താല്പര്യമുള്ള 45 കുട്ടികളെ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനം നടത്തിയത്. പരിശീലനത്തിന്റെ ഉൽപ്പന്നമായി ഒരു നാടകം പ്രദർശിപ്പിക്കുകയും ചെയ്തു .

*3D പ്രിന്റിംഗ് വർക്ക് ഷോപ്പ്*

കുട്ടികളിൽ ശാസ്ത്രാവബോധം പകർന്ന് നൂതന ശാസ്ത്ര പാഠങ്ങൾ പഠിക്കാനും പരീക്ഷിച്ചറിയാനും അവസരം നൽകുന്നതാണ് അടൽ ടിങ്കറിംഗ് ലാബ്. ആധുനിക ടെക്നോളജിയുടെ സാധ്യതകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ നിലവിൽ പ്രവർത്തിച്ചുവരുന്നATL ലാബുമായി സഹകരിച്ച് 3D ഒബ്ജക്ട് ഡിസൈനിങ് , സ്ലൈസിംഗ്, പ്രിൻറിംഗ് എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകി. വിദഗ്ധ അധ്യാപകരുടെ പരിശീലനത്തിൽ 35 ഓളം കുട്ടികൾ പങ്കെടുത്തു.





# കരാട്ടെ



വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് വേണ്ടി കരാട്ടെ പരിശീലനവും നടത്തി വരുന്നുണ്ട്.അധ്യയന ദിവസങ്ങളിൽ രാവിലെ **8.30** മുതൽ **9.30** വരെയാണ് പരിശീലനം. സാൻസായ് സുമേഷ് മാസ്റ്ററുടെ ശിക്ഷണത്തിൽ **40** ഓളം വിദ്യാർത്ഥികൾ കരാട്ടെ അഭ്യസിച്ചു വരുന്നു.

# തൂവൽസ്പർശം

എങ്ങോ എന്നോ പൊഴിഞ്ഞ
തൂവലേ,
നീയെൻ മനസ്സിൽ
വന്നണയുമ്പോൾ
ഓർക്കുന്നു നിന്നെപ്പോലായിരം
എൻ പുസ്തകത്താളിൽ
നിദ്ര പ്രാപിച്ച നാളുകൾ,
അതിൽ ഒരുവനായി നീ
ഇന്നുണരുമ്പോൾ അറിയുന്നു
അമ്മ തൻ മാതൃസ്പർശം,
നിൻ താളത്തിൽ കേൾപ്പൂ
അമ്മതൻ താരാട്ട്



തൻമയ ദാസ്

# ഇരുട്ട്

ഇരുട്ടിൻ മറവിൽ ഒളിഞ്ഞു പോയൊരു
പെൺപൂവാണു ഞാൻ,
ഇരുട്ടിൻറെ തീവ്രതയേറ്റു പിടഞ്ഞു,
കാലമെത്രയോ പോയിക്കഴിഞ്ഞു
ജീവിതാനന്ദത്തിൽ നീരാടും കാലത്ത്
നാലു സംഘത്തിൻ കീഴേ,
ഇന്നും ഞാൻ ഓർക്കുന്നു എൻ കൊച്ചു
മുല്ല വിരിഞ്ഞ രാത്രികൾ,
വർഷങ്ങൾ തേങ്ങിയിരിപ്പുമീ
കാരാഗ്രഹത്തിൽ
അക്ഷരത്താളിൽ വിടവാങ്ങവേ,
പ്രതീക്ഷയറ്റുമീ ജീവിത സന്ധ്യയിൽ
ഏകയായി ഞാൻ തേങ്ങീടവേ
ഇന്നിതാ ആ പെൺകൊടി
പ്രതീക്ഷയാം വെളിച്ചമാം വന്നണയുന്നു

തൻമയ ദാസ്

ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്.

ഗോദാവരി ഗ്രാമത്തിൽ സെൻസെയ് എന്ന പതിനാലു വയസ്സുകാരനുണ്ടായിരുന്നു. അവന്റെ കുടുംബത്തിൽ എപ്പോഴും ദാരിദ്ര്യമായിരുന്നു. അവൻ പഠിത്തത്തിൽ മിടുക്കനായിരുന്നു. അവന്റെ അച്ഛനും അമ്മയും രാവെന്നും പകലെന്നുമില്ലാതെയാണ് അവനെ നോക്കി വളർത്തുന്നത്. കലയിലും കായികത്തിലുമെല്ലാം അവൻ മിടുക്കനായിരുന്നു. അവന്റെ ആ കൊച്ചു കുടിൽ നിറയെ മെഡലുകളും ട്രോഫികളും കൊണ്ട് നിറഞ്ഞിരുന്നു. പെട്ടെന്നൊരു സാഹചര്യത്തിൽ അവന്റെ ആ കൊച്ചു കുടുംബം പട്ടണത്തിലേക്ക് താമസംമാറി. പിന്നീട് അവൻ പട്ടണത്തിലെ ഒരു സ്കൂളിൽ അഡ്മിഷൻ എടുക്കുകയും അവന്റെ കുടുംബം പട്ടണത്തിൽ തന്നെ താമസ മുറപ്പിക്കുകയും ചെയ്തു. പട്ടണത്തിലെ സ്കൂളിലെ അദ്ധ്യാപകർക്കെല്ലാം അവനെക്കുറിച്ച് അഭിമാനമുണ്ടായിരുന്നു. കാരണം സ്കൂളിലെ ഏറ്റവും മികച്ച കുട്ടിയായിരുന്നു സെൻസെയ്. അവന് ക്ലാസിൽ ഒരുപാട് കൂട്ടുകാരെയും കിട്ടി. അവൻ മാത്രമായിരുന്നു ക്ലാസിലെ പഠിക്കുന്ന കുട്ടി. കൂട്ടുകാരെല്ലാം പഠിത്തത്തിൽ പിറകോട്ടായിരുന്നു. പതിയെ പതിയെ അവനും അവന്റെ ലക്ഷ്യത്തിൽനിന്ന് തെന്നിമാറാൻ തുടങ്ങി. വൈകുന്നേരം സ്കൂൾ വിട്ടാൽ അവനും കൂട്ടുകാരും കുളക്കരയിൽ പോയിരിക്കാൻ തുടങ്ങി. അടുത്ത ദിവസവും അവർ കുളക്കരയിൽ പോയി, കളിചിരിയോടൊപ്പം അവരുടെ കയ്യിൽ പുകവലിയും ഉണ്ടായിരുന്നു. സെൻസെയ് അത് കണ്ടപ്പോൾ ഒന്നു ഞെട്ടി. എല്ലാവരും പുകവലിച്ച് ആസ്വദിക്കുകയായിരുന്നു. കൂട്ടുകാർ അവനെ നിർബന്ധിച്ചു ആദ്യം അവനത് വാങ്ങാൻ മടിയുണ്ടായിരുന്നു, പക്ഷേ എല്ലാവരും ഉപയോഗിക്കുമ്പോൾ അവനും ഉപയോഗിക്കണമെന്ന ഒരാഗ്രഹം ഉണ്ടായി. പതിയെ പതിയെ അവനും ലഹരിയിൽ അടിമയായി. ഓരോ ദിവസവും വ്യത്യസ്ത ലഹരികൾ പരിചയപ്പെടു ത്തുടങ്ങി. ക്ലാസ്സുറികളിൽ അലസത കാണിക്കാൻ തുടങ്ങി. വീട്ടിലേക്ക് തിരിച്ചു പോക്ക് വൈകുകയും ചെയ്തു. പിറ്റേദിവസം കലാമേളയിൽ പങ്കെടുക്കാൻ ഒരവസരം അധ്യാപകൻ നൽകിയപ്പോൾ അവൻ അതിൽ നിന്ന് പിന്മാറുകയാണുണ്ടായത്. പരീക്ഷകളിൽ മാർക്ക് കുറയുന്നതുമെല്ലാം അധ്യാപകരുടെ ശ്രദ്ധയിൽപ്പെട്ടു. അവന്റെ വീട്ടിൽ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചപ്പോൾ വീട്ടിൽ വൈകിയാണ് എത്തുന്നതെന്നല്ലാതെ മറ്റൊരു വിവരവും വീട്ടുകാർക്കും അറിയില്ലായിരുന്നു. ഒരു ദിവസം അവന്റെ അമ്മ ജോലി സ്ഥലത്തു നിന്ന് തലകറങ്ങി വീഴുകയും ആശുപത്രിയിലേക്ക് പോകുകയും ചെയ്തു. കൂടെ അവനും ഉണ്ടായിരുന്നു. ആശുപത്രിയുടെ ജനലരികിൽ ഇരുന്ന അവന് കാറ്റിന്റെ ഇളം ദലമർമ്മരങ്ങൾ തലോടുകയായിരുന്നു.ആ അന്തരീക്ഷത്തിൽ അവൻ ചിന്തിക്കുകയുണ്ടായി ഞാനെന്താണിങ്ങനെ ആയി മാറിയത്? എന്റെ കൂട്ടുകാർ തന്നെയല്ലേ അതിനുകാരണം? എന്റെ അച്ഛന്റെയും അമ്മയുടെയും ഏകപുത്രനായ ഞാൻ അവരോട് ചെയ്യുന്നത് തെറ്റല്ലേ? എന്നിങ്ങനെയുള്ള ചിന്തകൾ കാരണം അവന്റെ കണ്ണിൽ നിന്ന് ചോരക്കണ്ണീർ പൊടിയാൻ തുടങ്ങി. അവൻ ആശുപത്രിയിൽ നിന്നു തന്നെ അവൻ ചെയ്ത കാര്യങ്ങൾ അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് ഇതൊന്നും താങ്ങാൻ കഴിഞ്ഞില്ല. അവർ കെട്ടിപിടിച്ച് കരഞ്ഞു. അമ്മ അവനെ

സമാധാനിപ്പിച്ചു. അവൻ ചെയ്ത തെറ്റുകൾക്കെല്ലാം കാലു പിടിച്ച് ക്ഷമ ചോദിച്ചു. പിറ്റേന്നു തന്നെ അവൻ അദ്ധ്യാപകനോട് കലാമേളയിൽ പങ്കെടുക്കാമെന്ന് പറയുകയും അവൻ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടി സ്വർണ്ണ മെഡൽ വാങ്ങുകയും ചെയ്തു. അവന്റെ തെറ്റുകൾ അവൻ തന്നെ മനസ്സിലാക്കി അവന്റെ പഴയ ജീവിതത്തിലേക്ക് തിരിച്ചു പോകുന്ന സെൻസെയ് എന്ന കുട്ടിയുടെ കഥയാണിത്. തിരിച്ചറിവുകളാണ് ജീവിതത്തെ നേർവഴിയിലേക്ക് നയിക്കുന്നത്. തെറ്റുകൾ എല്ലാവർക്കും ഉണ്ടാകും. തെറ്റുകൾ തിരുത്തി ജീവിക്കുക എന്നതാണ് ജീവിതത്തിലെ വിജയം.

----------. തേജസ്വിനി 9സി

# Sathyendranath Bose

*Sathyendranath was form in kolkata on 1st January 1894, was born an Indian physicist specialising in mathemathical physcis he is best known for his work on quantum mechanics in the early 1920's providing the foundation for Bose-Einstein statistics and the theory of Bose-Einstein condenstate. A fellow of royal society, the goverment of India awarded chim India's second higest civilion award, the padma vibushan in 1954. The class of particles that obey Bose-Einstein stastics,bosons was named after him by paul Diave.In 1937 Ravindranath Tagore dedicated his only book in science,viswa-parichay,to Bose in 1959, He was appointed as the National Professor the highest honour in the country for a Scholar, a position he held for 15 years . In 1986 S.N.Bose National centre for basics science was established by an act of Parliament by government of India , in salt lake kolkata . He passsed away on 4th february 1972 when the age of 80 in kolkata.*



## ബാലവേലവിരുദ്ധ ദിനാചരണം

ബാലവേലവിരുദ്ധ ദിനത്തിൻറെ ഭാഗമായി സമൂഹ ചിത്രരചന നടത്തുകയുണ്ടായി അതിൽ ആറ് ചിത്രകാരന്മാരുടൊപ്പം സ്കൂൾ കുട്ടികളും ആവേശകരമായി പങ്കെടുത്തു







## കൗമാര ദിനാചരണം

കൗമാര ദിനാചരണത്തിന് ഭാഗമായി ശുചിത്വ ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മൂന്നിന് ശുചിത്വം- വ്യക്തിയും സമൂഹത്തിനും എന്ന വിഷയത്തെക്കുറിച്ച് ആർ ബി കെ നേഴ്സ് ശ്രീമതി നന്ദനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി

